**കേരള സർക്കാര്**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ വിഷു പ്രമാണിച്ച് 2021 ഏപ്രിൽ മാസത്തെ പെൻഷൻ ഏപ്രിൽ 14 നു മുൻപ് വിതരണം ചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

.................................................................................................................................

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

**സ.ഉ.(എം എസ്) നം.18/2021/ധന. തീയതി, തിരുവനന്തപുരം, 08.02.2021**

പരാമർശം:-1) 06.09.2020 തീയതിയിലെ സ.ഉ.(അച്ചടി)നം.118/2020/ധന ഉത്തരവ്
2) 03.02.2021 തീയതിയിലെ സ.ഉ.( എം എസ് ) നം.16/2021/ധന ഉത്തരവ്

**ഉത്തരവ്**

സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ എല്ലാ മാസവും 20 -)o തീയതിക്കും 30-)o തീയതിക്കുമിടയിൽ വിതരണം ചെയ്യുന്നതാണെന്ന് പരാമർശം ഒന്ന് പ്രകാരം ഉത്തരവായിട്ടുണ്ട്. വിഷു പ്രമാണിച്ച് ഏപ്രിൽ മാസത്തെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ 2021 ഏപ്രിൽ 14 നു മുൻപു വിതരണം ചെയ്യണമെന്ന ആവശ്യം പല കോണുകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിഷു പ്രമാണിച്ച് 2021 ഏപ്രിൽ മാസത്തെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ 2021 ഏപ്രിൽ 14 നു മുൻപു വിതരണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പ്രതീപ് കുമാർ.ബി**
**ജോയിന്റ്സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ, വിവിധ ക്ഷേമനിധി ബോർഡുകൾ
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്(എസ്.എഫ്.സി-ബി3/180/2020/ധന)

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ